**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4008** **28-06-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിന് 2016-21 ലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | സർക്കാർ പ്രസ്സുകളുടെ നവീകരണ പ്രവൃത്തികൾക്കായി 2016- 21 സാമ്പത്തികവർഷങ്ങളിൽ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു,<br><br>**2016-17**<br><br>2016-17 ബജറ്റിൽ ഉൾപ്പെടുത്തി 191.85 ലക്ഷത്തിന്റെ ഭരണാനുമതി ഉത്തരവ് പ്രകാരം കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ വനിതകളുടെ ശുചിമുറി, എറണാകുളം ഗവൺമെന്റ്പ്രസ്സ് വേസ്റ്റ് പേപ്പർ ഷെഡ്ഡും അനുബന്ധറോഡ് നിർമ്മാണം, കൊല്ലം ഗവൺമെന്റ് പ്രസ്സ് ഗ്ലൂ നിർമ്മാണ ഷെഡ്, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് വേസ്റ്റ് പേപ്പർ ഷെഡ് നിർമ്മാണം.<br><br>**2017-18**<br><br>2017-18 ബജറ്റിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ , തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ വിവിധ നവീകരണ പ്രവർത്തനങ്ങൾ, സ്റ്റോർ റൂം നിർമ്മാണം, വാഴൂർ ഗവൺമെന്റ് പ്രസ്സിലെ അറ്റകുറ്റപണികൾ ,കണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ വെയർഹൗസ്, ടൈം ഓഫീസ് റീ-വയറിംഗ് എന്നീ നവീകരണ പ്രവൃത്തികൾക്കായി 2 കോടി രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.<br><br>**2018-19**<br><br>2018-19 ബജറ്റിൽ ഉൾപ്പെടുത്തി അച്ചടി വകുപ്പ് ഡയറക്ടറേറ്റിലെ കോൺഫറൻസ് ഹാൾ, സർക്കാർ മുദ്രനിർമ്മാണശാലയിലെ മെഷീൻ ഇൻസ്റ്റലേഷൻ, വെയർഹൗസ് നവീകരണം, മണ്ണന്തല ഗവൺമെന്റ് |

| | | | |
|---|---|---|---|
| | | | പ്രസ്സിലെ ഫോർ കളർ വെബ് ഓഫ്‌സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള സിവിൽ ജോലികൾ, ഇലക്ട്രിക്കൽ ജോലികൾ എന്നിവയ്ക്കായി 81.1 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.<br><br>**<u>2019-20</u>**<br><br>2019-20 ബജറ്റിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ നവീകരണ പ്രവൃത്തികൾ , എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അറ്റകുറ്റ പണികൾ എന്നിവയ്ക്കായി ആകെ 2 കോടി രൂപ വിനിയോഗിച്ച് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>അച്ചടി വകുപ്പിന്റെ നവീകരണത്തിനായി 2016-17 സാമ്പത്തികവർഷം മുതൽ 2020-21 സാമ്പത്തികവർഷം വരെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ മെഷീനുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ